പതിമൂന്നാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ 1174.

13.06.2013 ൽ മറുപടിക്ക്

## സംസ്ഥാനത്തിന് ലഭിച്ച റേഷൻ വിഹിതത്തിലുണ്ടായ കുറവ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എളമരം കരീം: | | ശ്രീ. അനൂപ് ജേക്കബ് (ഭക്ഷ്യവും, സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പു മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്തിന്റെ റേഷൻ വിഹിതം കേന്ദ്ര സർക്കാർ എത്ര തവണ വെട്ടിക്കുറച്ചിട്ടുണ്ട്; ഏതെല്ലാം ഇനങ്ങളിൽ എത്ര അളവിലാണ് കുറവ് വരുത്തിയത്; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഭക്ഷ്യധാന്യങ്ങളുടെ റേഷൻ വിഹിതത്തിൽ വെട്ടിക്കുറവ് വരുത്തിയിട്ടില്ല. എന്നാൽ മണ്ണെണ്ണയുടെ അലോട്ട്മെന്റ് 2011 ഏപ്രിൽ മുതൽ ജൂൺ വരെയുള്ള 3 മാസത്തേയ്ക്ക് 53484 കി.ലിറ്റർ, 2011 ജൂലായ് മുതൽ സെപ്റ്റംബർ വരെയുള്ള കാലയളവിലേയ്ക്ക് 47880 കി.ലിറ്റർ, 2012 ഏപ്രിൽ മുതൽ ജൂൺ വരെയുള്ള കാലയളവിലേയ്ക്ക് 35052 കി.ലിറ്റർ, 2012 ജൂലായ് മുതൽ സെപ്റ്റംബർ വരെയുള്ള കാലയളവിലേയ്ക്ക് 30048 കി.ലിറ്റർ എന്നിങ്ങനെയായി കുറവു വരുത്തിയിട്ടുണ്ട്. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം റേഷൻ സാധനങ്ങളുടെ വില വർദ്ധിപ്പിക്കുകയുണ്ടായോ; എങ്കിൽ ഏതെല്ലാം ഇനങ്ങളിൽ എത്ര ശതമാനം വീതമാണ് വില വർദ്ധന എന്നറിയിക്കാമോ; | (ബി) | റേഷൻ ഭക്ഷ്യധാന്യങ്ങളുടെയും പഞ്ചസാരയുടെയും വില വർദ്ധിപ്പിച്ചിട്ടില്ല. എന്നാൽ കേന്ദ്ര സർക്കാർ വില്പനവില വർദ്ധിപ്പിച്ചതിനെ തുടർന്ന് മണ്ണെണ്ണയുടെ വില 24.06.2011 വരെ 12.30/12.70 രൂപ ആയിരുന്നത് 14.50/15.00 രൂപയായും 25.07.2012 ൽ 15.50/16.00 രൂപയായും 01.01.2013 മുതൽ 16.50/17.00 രൂപയായും വർദ്ധിപ്പിക്കുകയുണ്ടായി. |

| | | | |
|---|---|---|---|
| (സി) | കേന്ദ്ര സർക്കാർ സംസ്ഥാനത്തി നനുവദിച്ച റേഷൻ ഭക്ഷ്യധാന്യ ങ്ങൾ ഏറ്റെടുക്കുന്നതിൽ വീഴ്ച വന്നിട്ടുണ്ടോ; വിശദാംശം ലഭ്യമാ ക്കുമോ? | (സി) | 2011-12 വർഷത്തിൽ ബി.പി.എൽ വിഭാഗ ത്തിൽ അഡ്ഹോക് വിഹിതമായി അനു വദിച്ച 8.371 മെ.ടൺ അരിയും 131.495 മെ. ടൺ ഗോതമ്പും യഥാസമയം വിട്ടെടുക്കാൻ സാധിച്ചിരുന്നില്ല. കൂടുതൽ സമയത്തി നായി കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിച്ചു വെങ്കിലും സമയം അനുവദിച്ചു നല്കിയില്ല.<br><br>2011-12 സാമ്പത്തിക വർഷത്തിൽ ഓണം സ്പെഷ്യലായി കിലോഗ്രാമിന് 11.85 രൂപ നിരക്കിൽ 54000 മെ.ടൺ അരിയും 8.45 രൂപ നിരക്കിൽ 27000 മെ.ടൺ ഗോതമ്പും അനുവദിച്ചിരുന്നു. ഇവയുടെ ചില്ലറ വില്പന വില കിലോഗ്രാമിന് യഥാക്രമം 12.70 രൂപയും 9.20 രൂപയുമായിരുന്നു. അനുവദിച്ച വിഹിതത്തിൻ നിന്ന് 27227 മെ. ടൺ അരിയും 14769 മെ.ടൺ ഗോതമ്പും മാത്രമേ വിട്ടെടുക്കുകയുണ്ടായുള്ളു. 2012-13 വർഷത്തിൽ ഓണം സ്പെഷ്യലായി 60000 മെ.ടൺ അരിയും 30000 മെ.ടൺ ഗോതമ്പും OMSS നിരക്കിൽ അനുവദിക്കുകയുണ്ടായി. അരിയുടെ ചില്ലറ വില്പനവില 20.50 രൂപയും ഗോതമ്പിന്റേത് 19.00 രൂപയുമായി രുന്നു. ഇത്രയും ഉയർന്ന വിലയായതിനാൽ അനുവദിച്ച വിഹിതത്തിൽ നിന്ന് 5843 മെ.ടൺ അരിയും 152.5 മെ.ടൺ ഗോതമ്പും മാത്രമേ വിട്ടെടുത്തിട്ടുള്ളൂ. |

സെക്ഷൻ ഓഫീസർ.